# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അന്നമനട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P-1)-980/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്നമനട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P-1)-980/2022. തീയ്യതി: 03/07/2022

# തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2021 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 18-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ ടി,ഓഡിറ്റ് ഓഫീസർ
ശ്രീ സലീഷ് എം ജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത ടി.എസ് അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ് ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ടെസ്സി ടൈറ്റസ് | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| അഡ്ഹോക്ക് കമ്മിറ്റി | പ്രസിഡന്റ് | 07-11-2020 | 29-12-2020 |
| ശ്രീ.പി.വി.വിനോദ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. റീന.ടി.ജെ | സെക്രട്ടറി | 01-04-2020 | 05-03-2021 |
| ശ്രീമതി ശ്രീലജ.കെ.എ | സെക്രട്ടറി | 06-03-2021 | 16-03-2021 |
| ശ്രീ ഷാബു.കെ.ജെ | സെക്രട്ടറി | 17-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലത കെ. എ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ ധനീഷ് | അസി. എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി നിമ്മി ഇ. അർ | അസി. എഞ്ചിനീയർ | 01-07-2020 | 18-10-2020 |
| ശ്രീമതി രോഹിണി | അസി. എഞ്ചിനീയർ | 19-10-2020 | 30-01-2021 |
| ശ്രീ ധനീഷ് | അസി. എഞ്ചിനീയർ | 01-02-2021 | 18-02-2021 |
| ശ്രീമതി സുജന | അസി. എഞ്ചിനീയർ | 19-02-2021 | 31-03-2021 |
| ഡോ. ഫെനി തോമസ് | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി | 01-04-2020 | 31-03-2021 |
| ഡോ.ശ്യാമള | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. വിധു വർമ്മ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി രേഷ്മ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ സജീഷ് പി. എ | വിഇഒ, മേലഡൂർ സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീ ജോയ് എം. കെ | വിഇഒ,വെസ്റ്റ് കൊരട്ടി സർക്കിൾ | 01-04-2020 | 20-01-2021 |
| ശ്രീമതി ജയ പി. വി | വിഇഒ,വെസ്റ്റ് കൊരട്ടി സർക്കിൾ | 21-01-2021 | 31-03-2021 |
| ഡോ. മിനി രാധാകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി മേഴ്സി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 21-02-2021 |
| ശ്രീ ശശി | ഹെഡ്മാസ്റ്റർ | 22-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി നിഷ . സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജിംസി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 22-11-2020 |
| ശ്രീമതി ബിന്ധ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23-11-2020 | 31-03-2021 |
| ശ്രീമതി ലത | ഫിഷറീസ് ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 30-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Sheena K T (Audit Officer, On 22-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ<br>Written By: Dhanya Dhileep (Auditor, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sheena K T (Audit Officer, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-10 |
| 11 | സാംഖ്യ ലെഡ്ജറുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-11 |
| 12 | ലൈബ്രറി സെസ് -ലഭിക്കാനുള്ള തുക പൊരുത്തപ്പെടുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-12 |
| 13 | ഡി&ഒ മുൻകൂർ ആയി ലഭിച്ച തുക ഡിമാന്റ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-13 |
| 14 | കുടിശ്ശികയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-14 |
| 15 | പ്രയർ പിരീഡ് തുകകൾക്ക് വൌച്ചറുകളോ, വർക്ക്ഷീറ്റുകളോ ലഭ്യമാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-15 |
| 16 | ജേണൽ എന്റിികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-16 |

| | | |
|---|---|---|
| | Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-17 |
| 18 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-18 |
| 19 | ഡിപ്രീസിയേഷന്റെ വർക് ഷീറ്റ്, ജേണൽ വൗചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-19 |
| 20 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-20 |
| 21 | ക്ലോസിങ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-21 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നു<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-22 |
| 23 | ബി-17ലെയും ബി -4 ലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-23 |
| 24 | ജനറൽപർപസ് ഫണ്ടിന്റെ വരവ് വാർഷികകണക്കിലും എ.സി.ആറിലും വത്യാസപ്പെട്ടിരിക്കുന്നു<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-24 |
| 25 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-25 |
| 26 | Capital Work In Progress -തെറ്റായ രേഖപ്പെടുത്തൽ<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-26 |
| 27 | തൊഴിലുറപ്പ് പദ്ധതി -ആസ്തി നിർമ്മാണ ചെലവ് റവന്യൂ ഹെഡ്ഡിൽ ചേർത്തു.<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-27 |
| 28 | ബാലൻസ്ഷീറ്റ് B9 ഷെഡ്യൂൾപ്രകാരം Refunds Payable -Grants And Fundsഎന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുക തിരിച്ചടക്കേണ്ടതാണ്.<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-28 |
| 29 | രസീതി പരിശോധന -അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-29 |
| 30 | കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Dhanya Dhileep (Auditor, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-30 |

| | | |
|---|---|---|
| 31 | റേഷൻ കടകൾ ,കള്ള്ഷാപ്പുകൾ -ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-31 |
| 32 | ലൈസൻസ്<br>Written By: Dhanya Dhileep (Auditor, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-32 |
| 33 | വസ്തുനികുതി നിർണ്ണയം- അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 24-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-33 |
| 34 | റഗുലറൈസേഷൻ ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 24-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-34 |
| 35 | ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ കണക്കുകൾ ഹാജരാക്കിയില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-35 |
| 36 | വർത്തമാന പത്രങ്ങളിൽ പരസ്യം ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-36 |
| 37 | വിനിയോഗ സാക്ഷ്യപത്രം ഇല്ല.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-37 |
| 38 | അഗതി രഹിത കേരളം പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-38 |
| 39 | തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ-ഗ്യാരണ്ടി ഇല്ലാത്ത വിളക്കുകൾ വാങ്ങി.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-39 |
| 40 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി എസ് സി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-40 |
| 41 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ജനറൽ-പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-41 |
| 42 | ഭവനം വാസയോഗ്യമാക്കൽ ( എസ് സി )-പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-42 |
| 43 | ജലനിധി കുടിശ്ശിക 59,61,332 രൂപ<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-43 |
| 44 | അഗതി രഹിത കേരളം പദ്ധതി -വീട് മെയിന്റനൻസിന് തുക കൈമാറിയത് -രേഖകൾ പൂർണ്ണമല്ല.തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sumitha T.S (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-44 |
| 45 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: Saleesh M.G (Asst. Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-45 |
| 46 | കൃഷി ഓഫീസിലെ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനം സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | 1-46 |
| 47 | കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല.<br>Written By: Sheena K T (Audit Officer, On 23-06-2022) | 1-47 |

| | | |
|---|---|---|
| | Last Updated By: Ram Manohar V.K (Audit Officer (HG), On 01-07-2022) | |
| 48 | അസി.എഞ്ചിനീയർ ടെണ്ടർഫോം വിലയോടൊപ്പം ഈടാക്കിയ ജി എസ് ടി- പഞ്ചായത്തിൽ നിന്നും നാളിതുവരെ സർക്കാരിലേക്ക് അടവാക്കിയില്ല.<br>Written By: Sheena K T (Audit Officer, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-48 |
| 49 | പഞ്ചായത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഉൾപ്പെട്ട പ്രവർത്തികൾക്ക് ജി എസ് ടി അടവാക്കി<br>Written By: Sheena K T (Audit Officer, On 23-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 1-49 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 18-06-2022)<br>Last Updated By: Sheena K T (Audit Officer, On 18-06-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 18-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sheena K T (Audit Officer, On 18-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 18-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 22-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 18-06-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 9-3-2020 | 1(1) | 208493045 | 173291320 |

റിവൈസ് ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 1-2-2021 | 3/1 | 216036702 | 190867024 |

### 1-2 വാർഷിക ധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 11-5-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 41139669.20 |
| വരവ് | 82992259 |
| ആകെ | 124131928.20 |
| ചെലവ് | 99503650 |
| നീക്കിയിരിപ്പ് | 24628278.20 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 22144749 | 17355144 | 4789605 |
| വികസനഫണ്ട്-എസ് സി പി | 9806980 | 8261296 | 1545684 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | 13030000 | 8615062 | 4414938 |
| മെയിന്റനൻസ്-നോൺറോഡ് | 4309963 | 3817198 | 492765 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- | 18961336 | 4381031 | 14580305 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 255 | 108240163 | 109 | 58931806 | 48 | 98 | 42.7% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2177 | 1202043 | 1204220 | 1202445 | 1775 |
| ഗുണഭോക്താക്കൾക്ക് | | 20825282 | | 21563516 | |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 10917200 | 688 |
| വിധവാ പെൻഷൻ | 199337800 | 1337 |
| വാർദ്ധക്യകാല പെൻഷൻ | 40556000 | 3243 |
| വികലാംഗ പെൻഷൻ | 4733900 | 313 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1402200 | 99 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2022 തീയതിയിൽ 3:30 P M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7440/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.വാഹനത്തിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല. ജനറേറ്റർ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

2.ടെണ്ടർ ഫോം രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-11 സാംഖ്യ ലെഡ്ജറുകൾ ലഭ്യമാക്കിയിട്ടില്ല

സാംഖ്യ ലെഡ്ജറുകൾ ലഭ്യമാക്കാത്തതിനാൽ അക്കൗണ്ടിംഗ് ചട്ടപ്രകാരമാണോ വസ്തു നികുതി, വാടക എന്നിവയുടെ ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-12 ലൈബ്രറി സെസ് -ലഭിക്കാനുള്ള തുക പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)134939രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 134939/105X5=6425 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 6443രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-13 ഡി&ഒ മുൻകൂർ ആയി ലഭിച്ച തുക ഡിമാന്റ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനത്തിന് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ | D&O ഡിമാന്റ് രജിസ്റ്ററിലെ തുക |
|---|---|---|---|---|

| | | | തുക | |
|---|---|---|---|---|
| 1 | ഡി. & ഒ | 350410301-Advance Collection Of Revenues-Licence Fee For Dangerous And Offensive Traders | 246600 | 212500 |

## 1-14 കുടിശ്ശികയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി ,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-15 പ്രയർ പിരീഡ് തുകകൾക്ക് വൌച്ചറുകളോ, വർക്ക്ഷീറ്റുകളോ ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും , വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 10445 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 19864 |
| 280100102-Prior Period Income-Profession Tax – Institutions/ Professionals / Traders | (3500) |
| 280200101- Prior Period Income – Rent From Buildings | 81468 |
| 280800601- Prior Period Income-Grants And Contributions | (190576) |
| 280200401-Prior Period -Other Incomes- | (1467621) |

## 1-16 ജേണൽ എന്ട്രികൾക്ക് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ

സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (16511391)/-രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (12778869)/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-19 ഡിപ്രീസിയേഷന്റെ വർക് ഷീറ്റ്, ജേണൽ വൗചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ Income And Expenditureപത്രിക പ്രകാരം 11827130/- രൂപ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-20 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 10000000/-രൂപയുടെ നിക്ഷേപം കാണുന്നു. നിക്ഷേപ രസീതികൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-21 ക്ലോസിങ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 16854 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്.

സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു.മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല.ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു.

I)പദ്ധതി നം.111/21

സൗഹൃദതീരത്ത് പോസ്റ്റിട്ട് ലൈൻ വലിക്കൽ(KSEB )

തുക 198752 (തനത് ഫണ്ട്)

Ii)പദ്ധതി നം. 04/21

പീടികക്കുന്ന് കോളനി റോഡ് പോസ്റ്റിട്ട് ലൈൻ വലിക്കൽ W-15(KSEB)

Bill No.22/23.02.2021

തുക 173535

## 1-23 ബി-17ലെയും ബി -4 ലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 – പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ ചേർത്തിട്ടുണ്ടെങ്കിലും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൌണ്ട് | ബി-17 ലെതുക | B4ലെ തത്തുല്യ ശീർഷകത്തിലെ തുക |
|---|---|---|---|---|
| 1. | 450650109 | Treasury Spl TSB-Joint Venture | 1000000 | 3055561 |
| 2 | 450610101 | SBI നിർമ്മൽ പുരസ്കാർ | 624390 | B4ൽ ചേർത്തിട്ടില്ല |

## 1-24 ജനറൽപർപസ് ഫണ്ടിന്റെ വരവ് വാർഷികകണക്കിലും എ.സി.ആറിലും വത്യാസപ്പെട്ടിരിക്കുന്നു

ജനറൽപർപസ് ഫണ്ടിന്റെ വരവ് വാർഷികകണക്കിലും എ.സി.ആറിലും താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ശീർഷകം | വാർഷിക കണക്കിലെ വരവ് | എ.സി.ആറിലെ വരവ് |
|---|---|---|
| 160100501 | 16562103 | 14104253 |

## 1-25 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.450410101- SBI-ജലനിധി - അക്കൗണ്ട് നം.- 33326072041

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 893296 | 23-12-2020 | 2356/- |

## 1-26 Capital Work In Progress -തെറ്റായ രേഖപ്പെടുത്തൽ

31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 3119062/-രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കണക്കുകൾ പ്രകാരം പാർട്ട്ബിൽ നൽകിയത് 2251939 രൂപയ്ക്കാണ്. ആയത് പരിശോധിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന വർക്ക്ഷീറ്റ് ഹാജരാക്കിയിട്ടില്ല.

## 1-27 തൊഴിലുറപ്പ് പദ്ധതി -ആസ്തി നിർമ്മാണ ചെലവ് റവന്യൂ ഹെഡ്ഡിൽ ചേർത്തു.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം 20825282.00 രൂപയും റവന്യൂ ചെലവ് 21563516 രൂപയുമാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ രണ്ട് കോൺക്രീറ്റ് റോഡുകൾ നിർമിക്കുന്നതിനുള്ള 315867 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | മഞ്ഞളി ലിങ്ക് റോഡ് കോൺക്രീറ്റിങ്ങ് | 170254 |

| | | |
|---|---|---|
| 2 | പാലിശ്ശേരി സൗത്ത് പ്രദേശത്തെ ജയന്തിറോഡ് കോൺക്രീറ്റിങ്ങ് | 145613 |
| | ആകെ | 315867 |

പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഈ തുക ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിനു പകരം തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 315867 രൂപ കൂടുതലായി കാണിക്കുന്നു.പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തേണ്ട 315867 രൂപയുടെ ആസ്തികൾ ഒഴിവാക്കപ്പെടുകയും ചെയ്യും .ഇത് തിരുത്തേണ്ടതാണ്.

## 1-28 ബാലൻസ്ഷീറ്റ് B9 ഷെഡ്യൂൾപ്രകാരം Refunds Payable -Grants And Fundsഎന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ തുക തിരിച്ചടക്കേണ്ടതാണ്.

ബാലൻസ്ഷീറ്റ് B9 ഷെഡ്യൂൾപ്രകാരം 350400501 -Refunds Payable -Grants And Funds എന്ന ശീർഷകത്തിൽ 100000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക പരിശോധിച്ച് സർക്കാരിൽ നിന്നും ലഭിച്ച് ,ചെലവഴിക്കാത്ത തുകയാണെങ്കിൽ ആയത് തിരിച്ചടക്കാൻ ആവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്

## 1-29 രസീതി പരിശോധന -അപാകതകൾ

I. എ) അസിസ്റ്റന്റ് എഞ്ചിനീയർ രസീതി നം. 120060106904/26-2-2021 പ്രകാരം 1356/- രൂപ പഞ്ചായത്തിൽ അടവാക്കിയ രസീതി കളക്ഷൻ രജിസ്റ്റർ പേജ് നമ്പർ 13 ൽ പതിച്ചിട്ടുണ്ട്. എന്നാൽ തുക ഈടാക്കിയത് ഏത് മാന്വൽ രസീതി പ്രകാരം ആണെന്നും ആരുടെ പക്കൽ നിന്നും ആണെന്നും ഉള്ള വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) രസീതി ബുക്ക് നമ്പർ 58924ൽ 1 മുതൽ 10 വരെയുള്ള രസീതികളിലായി ഈടാക്കിയ തുക Sale Of Tender Form എന്ന ഇനത്തിലാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. GST ഈടാക്കിയതിന്റെയും അടവാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമായില്ല. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ: 7/21.6.2022) മറുപടി ലഭ്യമായില്ല.

II.അസിസ്റ്റന്റ് എഞ്ചിനീയർ ഉപയോഗിച്ച രസീതി ബുക്ക് നമ്പർ 5938 ൽ , 1 മുതൽ 8 വരെയുള്ള രസീതികളിലായി തുക കളക്ട് ചെയ്തപ്പോൾ കാർബൺ ഉപയോഗിക്കാതെ തീയതി രേഖപ്പെടുത്തിയതായും രസീതി നം. 9 ,11 എന്നിവയിൽ തീയതി രേഖപ്പെടുത്താതെ തുക കളക്ട് ചെയ്തതായും ബോധ്യപ്പെട്ടു. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ: 9/21.6.2022) ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചാണ് വിവരങ്ങൾ രേഖപ്പെടുത്തിയതെന്നും തീയതി രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും മനപൂർവ്വമല്ലാതെ സംഭവിച്ചുപോയ ക്ലറിക്കൽ മിസ്റ്റേക്ക് ആണെന്നും മറുപടി ലഭ്യമായിട്ടുണ്ട്. കെ.ടി.സി.വോള്യം 1 ആർട്ടിക്കിൾ 90(എ) പ്രകാരം ടി.ആർ .5 രസീതികളിൽ ഡബിൾഫേസ്ഡ് കാർബൺ ഉപയോഗിച്ച് രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കരാറുകാരുടെ തൊഴിൽനികുതി ഈടാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2020-21 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു

1. വാളോൻ പി. എസ്
2.സനീഷ്. എ. എസ്
3.ജോർജ്ജ് ടി. ടി
4.സിനോജ് ദേവസ്സി
5.ജോജോ എം. കെ
6.ഫ്രാൻസിസ് കെ.കെ
7. സാനു. കെ. പി

കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ .11/22.6.2022) പല പഞ്ചായത്തുകളിലായി എഗ്രിമെന്റിൽ ഏർപ്പെടുന്നതുകൊണ്ട് തൊഴിൽനികുതി വിവിധ പഞ്ചായത്തുകളിൽ അടവാക്കിയതായി കരാറുകാർ അറിയിച്ചിട്ടുണ്ടെന്ന

മറുപടിയാണ് ലഭ്യമായത്. കരാറുകാർ വിവിധ പഞ്ചായത്തുകളിൽ തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-31 റേഷൻ കടകൾ ,കള്ള്ഷാപ്പുകൾ -ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 ,ക്രമ നം. 139 എന്നിവ പ്രകാരം റേഷൻ കടകൾ , കള്ളുഷാപ്പുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകളും,11 കള്ളുഷാപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയൊന്നും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല എന്ന മറുപടിയാണ് ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായത്(ഓഡിറ്റ് അന്വേഷണം നമ്പർ .10/22.6.2022). സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും തൊഴിൽനികുതി (സ്ഥാപനം/ജീവനക്കാർ) ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 ലൈസൻസ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനയുടമകൾ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധനം രേഖപ്പെടുത്തിയതായി കാണുന്നില്ല. അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്താത്തതിനാൽ ഈടാക്കിയ ലൈസൻസ് ഫീ ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല.

ഉദാ:- മലബാർ ലൗലി ടൈൽസ്, ഇന്റസ് എനർജി സോൺ , അപ്ലയൻസ് പാർക്ക്, വി.എ.ഫ്യുവൽസ്, ജെൻട്രക്സ് സ്റ്റീൽസ്

## 1-33 വസ്തുനികുതി നിർണ്ണയം- അപാകതകൾ

1. ഫയൽ നമ്പർ :A3/4386/20

രാജു വർഗ്ഗീസ്, പ്ലാക്കൽ നമ്പറിങ്ങിനായി സമർപ്പിച്ചപ്ലാനിൽ Part Of Residential Building Converted Into Shop എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 19.77 $M^2$ വിസ്തീർണ്ണമുള്ള ഷോപ്പിന് 3/214ബി എന്ന നമ്പർ നൽകുകയും പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുകയും ചെയ്തു.

2. ഫയൽ നമ്പർ :A3/4311/2020

ഗോപാലകൃഷ്ണൻ, കൊളവേലിൽ എന്നയാൾ നമ്പറിങ്ങിനായി സമർപ്പിച്ച പ്ലാനിൽ Regularisation Of Completed Extension Of Shed (Stationery)of Existing Residential Building എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 38.01 $M^2$ വിസ്തീർണ്ണമുള്ള ചെറുകിട വ്യവസായത്തിനുള്ള കെട്ടിടത്തിന് 8/379 എ എന്ന നമ്പർ നൽകുകയും പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുകയും ചെയ്തു .

അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നമ്പർ: 14/22.6.2022) രാജു വർഗ്ഗീസ്, പ്ലാക്കൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 3/214ബി എന്നകെട്ടിടത്തിന്റെ ഒക്യൂപ്പൻസി വാണിജ്യാവശ്യത്തിലേക്ക് മാറ്റുകയും രസീതി നം. 1220101130/22.6.2022 പ്രകാരം 2186/- രൂപ നികുതി അടവാക്കുകയും ചെയ്തു. ഗോപാലകൃഷ്ണൻ, കൊളവേലിലിന്റെഉടമസ്ഥതയിലുള്ള 8/379എ എന്നകെട്ടിടത്തിൽ ഷോപ്പ് തുടങ്ങുവാൻ സാമ്പത്തികബുദ്ധിമുട്ട് ഉണ്ടായതിനാൽ ടെയ് ലറിങ്ങ് നടത്തി വരികയാണെന്നും സ്ഥാപനത്തിന് ലൈസൻസ് ഇല്ല എന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വാണിജ്യാവശ്യത്തിന് ഒക്യൂപ്പൻസി നല്കുകയും പാർപ്പിടത്തിന്റെ നികുതി ചുമത്തുകയും ചെയ്തിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ അപാകത പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 റഗുലറൈസേഷൻ ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

താഴെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിസ്തീർണ്ണങ്ങൾക്ക് റഗുലറൈസേഷൻ ഫീ ഈടാക്കിയതിന്റെ വിവരങ്ങൾ

ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ:17/22.6.2022) .

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|
| 16/253A | സെബാസ്റ്റ്യൻ &ഷെറി | 119.67 $M^2$ (Residential) |
| 16/500A | കൃഷ്ണകുമാർ | 75.72 $M^2$ (Residential) |
| 1/515D | പോൾസൺ | 57.20 $M^2$ (Residential) |

റഗുലറൈസേഷൻ ഫീ ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-35 ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ കണക്കുകൾ ഹാജരാക്കിയില്ല.

പഞ്ചായത്തിന് കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളായ അന്നമനട ആയുർവേദ ആശുപത്രി 2018-19 വരെയുള്ള ആശുപത്രി മാനേജിങ്ങ് കമ്മറ്റിയുടെ കണക്കുകൾ മാത്രമാണ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. എഫ്. എച്ച് .സി മാമ്പ്ര യിൽ 1.10.2017 ന് ആശുപത്രി മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ വാർഷികകണക്കുകൾ ഓഡിറ്റിനായി അയച്ചു തന്നിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.13/22.6.22 ന് നൽകിയ മറുപടി പ്രകാരം) കണക്കുകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-36 വർത്തമാന പത്രങ്ങളിൽ പരസ്യം ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല.

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥ-സെക്രട്ടറി

| പദ്ധതി നം./പേര് | വൗച്ചർ നം. | തുക | പത്രം/ഇൻവോയ്സ് നമ്പർ/തീയതി. |
|---|---|---|---|
| 1/21 പ്ളാൻ ഫോർമേഷൻ,ഇംപ്ളിമെന്റേഷൻ &മോണിറ്ററിങ്ങ് | 22000672/13.11.2020 | 38220 | മാതൃഭൂമി 1)321000138265/193.20 2) 321000132662/3.3.20 3) 321000031399/26..8.20 |

സർക്കാർ ഉത്തരവ് പ്രകാരം ഡിസ്കൗണ്ട് ലഭ്യമാണെന്നിരിക്കെ മേൽ ഡിസ്കൗണ്ട് ലഭ്യമാകുന്നതിനോ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 വിനിയോഗ സാക്ഷ്യപത്രം ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| ക്രമ നമ്പർ | പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1. | 4/21 ഐകെഎം വിഹിതം നൽകൽ | 17/22.12.2020 | 83753/- | ഐകെഎം ഡയറക്ടർക്ക് കൈമാറിയത് |
| 2 | 86/21 ക്യാൻ തൃശ്ശൂർ വിഹിതം നൽകൽ | 18/14.1.21 | 200000 | ജില്ലാ പഞ്ചായത്തിന് നൽകിയത് |

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതണ്.

## 1-38 അഗതി രഹിത കേരളം പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല.

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട 100 പേർക്കായി അഗതി രഹിത കേരളം പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 8.3.19 തീയതിയിലാണ്. അംഗീകാര തീയതി മുതൽ 3 വർഷം ആണ് പദ്ധതിയുടെ കാലയളവ് (2019-20 മുതൽ 2021-22). പദ്ധതിക്കായി ആരംഭിച്ച അക്കൗണ്ടിലെ (കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം. 58794) ബാലൻസ് പരിശോധിച്ചതിൽ 1.5.22 ന് 16,14,670.95 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഈ പദ്ധതിക്കായി 15 ലക്ഷം രൂപ പ്ളാൻ ഫണ്ടും ,2489372 രൂപ ചലഞ്ച് ഫണ്ടും, ആശ്രയ മുൻ ബാക്കി 336813 രൂപയുമാണ് (ആകെ 43,26,185 രൂപ) നാളിതുവരെ ലഭിച്ചത്. മേൽ ഫണ്ടുകളുടെ ഇനം തിരിച്ചുള്ള ചെലവ് , ബാലൻസ് എന്നീ വിവരങ്ങളും ഭൂമി,വീട്, വീട് അറ്റകുറ്റപ്പണി, ഇലക്ട്രിഫിക്കേഷൻ, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന വിവരവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/21.6.22) മറുപടി ലഭ്യമാക്കിയില്ല.സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്നവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് ആവിഷ്കരിച്ച അഗതി രഹിത കേരളം പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് അടിയന്തിര തുടർ നടപടി സ്വീകരിക്കേണ്ടതാണ്. വിലയിരുത്തൽ സമിതി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-39 തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ-ഗ്യാരണ്ടി ഇല്ലാത്ത വിളക്കുകൾ വാങ്ങി.

പദ്ധതി നമ്പർ-8/21

ചെലവ് -268391/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ എ.ബി.സി മാർക്കറ്റിങ്ങ് കാക്കൂർ എന്ന സ്ഥാപനത്തിൽ (കുറഞ്ഞ ടെണ്ടർ സമർപ്പിച്ചത്) നിന്നുമാണ് തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങിയിരിക്കുന്നത്. സ്ഥാപനത്തിന്റെ Terms പ്രകാരം എല്ലാ ഉപകരണങ്ങൾക്കും 12 മാസ ഗ്യാരണ്ടി നൽകിയിട്ടുണ്ട്. എന്നാൽ ട്യൂബ് ലൈററിന് ഗ്യാരണ്ടി ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.സ്ഥാപനത്തിൽ നിന്നും 1937 എണ്ണം ട്യൂബ് ലൈറ്റാണ് പഞ്ചായത്ത് ഈ പദ്ധതി പ്രകാരം വാങ്ങിയിരിക്കുന്നത്.വാങ്ങിയ തെരുവ് വിളക്കുകളുടെ ഭൂരിഭാഗവും ട്യൂബ് ലൈറ്റാണ്. സ്ഥാപനം LED ലാംപുകൾക്ക് 2 വർഷ ഗ്യാരണ്ടി നൽകുന്നുണ്ട് .എന്നിട്ടും ഗ്യാരണ്ടി ഉറപ്പു വരുത്താത്ത ട്യൂബ് ലൈറ്റ് വാങ്ങിയിരിക്കുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതല്ല. ഈ വിഷയത്തിൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി എസ് സി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ-80/21

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ മേലഡൂർ

ചെലവ് -2353000/-

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി( എസ് സി ) പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും 400000 രൂപ വീതം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഏതാനും ഗഡു തുക കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഓമന കുഞ്ഞപ്പൻ, പാലിയംപറമ്പിൽ വാർഡ് 17 | 200000/- |
| 2 | സ്മിത ബിനീഷ്, കറുകപ്പാടത്ത് പാലിശ്ശേരി | 300000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-41 ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ജനറൽ-പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ-80/21

ചെലവ് -1360000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ വെസ്റ്റ് കൊരട്ടി

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി( ജനറൽ ) പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും 400000 രൂപ വീതം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഏതാനും ഗഡു തുക കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിക്കാത്ത ഗുണഭോക്താവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | രുഗ്മിണി പൊന്നപ്പൻ,ചക്കാമത്ത് , മേലഡൂർ,വാർഡ് 17 | 300000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-42 ഭവനം വാസയോഗ്യമാക്കൽ ( എസ് സി )-പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നം.10/21

നിർവ്വഹണ ഉദ്യോഗസ്ഥൻ-വിഇഒ മേലഡൂർ

ചെലവ് -575000

ഭവനം വാസയോഗ്യമാക്കൽ ( എസ് സി ) പദ്ധതിയിൽ ഓരോ ഗുണഭോക്താവിനും 50000 രൂപ വീതം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഒരു ഗഡു തുക കൈപ്പറ്റിയ ശേഷം പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/മേൽ വിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | അരവിന്ദാക്ഷൻ,കൊമ്പിലാംപറമ്പിൽ,വാർഡ്5 | 25000 |
| 2 | രവി കക്കാട്ട്,വെസ്റ്റ് കൊരട്ടി,വാർഡ്7 | 25000 |
| 3 | വിലാസിനി ഭാസി ,തളിയപറമ്പിൽ വാർഡ് 10 | 25000 |
| 4 | ലതീഷ് .പി.ടി ,പള്ളിപ്പാട്ട്,മലയാംകുന്ന വാർഡ് 18 | 25000 |

പണി പൂർത്തീകരിക്കുവാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-43 ജലനിധി കുടിശ്ശിക 59,61,332 രൂപ

അന്നമനട ഗ്രാമപഞ്ചായത്തിൽ, കുടിവെള്ളവിതരണം ജലനിധി ഏറ്റെടുക്കുന്നത് 2017 ഓഗസ്റ്റ് 1 മുതലാണ്. അന്നു മുതൽ വാട്ടർ അതോറിറ്റി ബൾക്ക് വാട്ടർ ചാർജ്ജ് ബിൽ ആണ് നൽകി വരുന്നത്. ജലനിധി കുടിവെള്ള വിതരണം ഏറ്റെടുക്കുമ്പോൾ പഞ്ചായത്തിലെ കുടിവെള്ള ചാർജ് കുടിശ്ശിക 0 ആയിരുന്നു.3662 ഗാർഹിക കണക്ഷനും 70 ഗാർഹികേതര കണക്ഷനും ഉൾപ്പെടെ 3732 കണക്ഷനുകൾ ജലനിധിയിൽ ഉണ്ട്. എന്നാൽ, 31.03.2021ൽ ജലനിധി വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കാനുള്ള കുടിശ്ശിക 59,61,332/- രൂപയാണ്.

ജലനിധി സ്കീം ലെവൽ കമ്മിറ്റിയും പഞ്ചായത്ത് പ്രസിഡന്റും തമ്മിൽ ഒപ്പ് വച്ച കരാറിലെ നിർദ്ദേശം 4.10 പ്രകാരം, ഗ്രാമപഞ്ചായത്ത് എസ്.എൽ. ഇ. സി യിൽ നിന്നും ഓരോ മാസവും, എസ്.എൽ.ഇ. സി വാട്ടർ അതോറിറ്റിയ്ക്ക് അടയ്ക്കാനുള്ള കുടിശ്ശിക തുകയുടെ 2% ഫൈൻ ആയി ഈടാക്കേണ്ടതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ പഞ്ചായത്ത് ഈ രീതിയിൽ ഫൈൻ ഈടാക്കുന്നില്ല.

വലിയ തുക വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയവരുടെ ലിസ്റ്റ് പരിശോധിച്ചതിൽ പഞ്ചായത്ത് സാംസ്കാരിക നിലയം വെണ്ണൂർപ്പാടത്തിന് 121345 രൂപ കുടിശ്ശിക ഉള്ളതായി കണ്ടു. പഞ്ചായത്ത് ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമാണെന്നിരിക്കെ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നിരുത്തരവാദ പരമായ സമീപനം ഈ വിഷയത്തിൽ സ്വീകരിച്ചത് ശരിയായ നടപടി അല്ല. ഇത്തരത്തിൽ വൻ തുക കുടിശ്ശിക വരുത്തിയവർക്കെതിരെ ജലനിധി സ്കീം ലെവൽ കമ്മിറ്റി യുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

SLECയുടെ ഭാഗത്തു നിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നാൽ വാട്ടർ അതോറിറ്റിക്ക് തുക അടവാക്കേണ്ട ഉത്തരവാദിത്വമുള്ള ഗ്രാമപഞ്ചായത്ത് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. ജലനിധി നിലവിൽ വന്നതോടെ പഞ്ചായത്ത് രാജ് നിയമങ്ങളിലെ പട്ടിക 3 പ്രകാരം ജലവിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായി മാറിയിരിക്കുകയാണ്. SLEC യുടെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് വിലയിരുത്തൽ നടത്തിയിട്ടില്ല.

കുടിശ്ശിക അടവാക്കാത്തവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുത്ത് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും ജലവിതരണം കാര്യക്ഷമമായി നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ജലനിധി പദ്ധതിയുടെ ഭാഗമായി, പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി വച്ച കരാറിലെ നിർദ്ദേശം പ്രകാരം, ജലനിധി കുടിശ്ശിക ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യത ആകും എന്നതിനാൽ ആയതിനാൽ പഞ്ചായത്ത് കുടിശ്ശിക ഒഴിവാക്കുന്നതിന് ജലനിധിയ്ക്ക് അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-44 അഗതി രഹിത കേരളം പദ്ധതി -വീട് മെയിന്റനൻസിന് തുക കൈമാറിയത് -രേഖകൾ പൂർണ്ണമല്ല.തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ-126/21

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.സെക്രട്ടറി

ബിൽ നമ്പർ- 14/19.1.21-500000/-

അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിനായി സിഡിഎസ്സിന് 500000 രൂപ കൈമാറിയതിൽ 2020 – 21 ൽ 2 ഗുണഭോക്താക്കൾക്ക് (എസ് സി) വീട് മെയിന്റനൻസിന് ആണ് തുക കൈമാറിയിട്ടുള്ളത്.വിശദാംശം താഴെ ചേർക്കുന്നു.

1.സരോജിനി തങ്കപ്പൻ - 100000/-

2.രുഗ്മിണി ചക്കാലക്കൽ - 100000/-

ഫയൽ പരിശോധിച്ചതിൽ പട്ടികാതി വികസന ഓഫീസർ മുഖേന വീട് മെയിന്റനൻസിന് തുക ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഫയലിൽ ഇല്ല. 3 ലക്ഷം രൂപ 20-21 ൽ ചെലവഴിക്കാതെ സിഡിഎസ്സിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. തുക വിനിയോഗിച്ചതായി സിഡിഎസ് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. .ജി .ഒ(പി) നം.177/2006 /ഫിൻ തീയതി.12.4.2006 , ബിൽ സമ്പ്രദായം സംബന്ധിച്ച മാർഗ്ഗരേഖ ഉത്തരവിന്റെ ഖ 6.1 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്താൽ തുക മുൻകൂർ പിൻവലിക്കുവാൻ പാടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/21.6.22) മറുപടിയായി ഹാജരാക്കാതിരുന്ന രേഖകൾ ഹാജരാക്കി എന്നാൽ ബാലൻസ് തുക തൻ വർഷം തന്നെ വിനിയോഗിക്കാതിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുക 200000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 3 ലക്ഷം രൂപ തൻ വർഷം ചെലവഴിക്കാതിരുന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-45 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ തൃശ്ശൂർ എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് 2020-21 വർഷത്തിൽ താഴെപ്പറയും വിധം തുക നൽകിയിട്ടുണ്ട്.

| പദ്ധതി നമ്പർ | ബിൽനം. തിയതി | തുക |
|---|---|---|
| 71/21(New) | 220001325/15.03.2021<br>BRN 20230652015401383191dt (Block Share) 26.03.21 | 500000<br>374000 |
| 168/21(SO) | 22000732/07.05.2020<br>BRN 20230652015400125450 Dt 04.05.20(Block Share) | 500000<br>449730 |

ഈ പദ്ധതിയിലെ ഗുണഭോക്താക്കളായ പ്രിൻസി ചക്കാലക്കൽ,ഇന്ദിര വിക്രമൻ,കോമളം പടപ്പറമ്പൻ എന്നിവർ യഥാക്രമം 3375,2700, 2700 എന്നീ തുകകൾക്കുള്ള കാലിത്തീറ്റയാണ് പദ്ധതിയിൽ നിന്നും കൈപറ്റിയിട്ടുള്ളത്. ഇവർക്കായി നൽകിയ വിഹിതത്തിൽ അവശേഷിയ്ക്കുന്ന തുക എസ്.എൽ.ബി.പി യിൽ നിന്നും തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്

## 1-46 കൃഷി ഓഫീസിലെ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനം സംബന്ധിച്ച്

അന്നമനടഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ, 22-1-2021 ലെ യോഗത്തിലെ, 8/1-ാം നമ്പർ തീരുമാനപ്രകാരം, കൃഷി ഓഫീസിലെ സമയബന്ധിത പ്രവർത്തനങ്ങൾക്കായി ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കണം എന്ന കൃഷി ഓഫീസറുടെ ആവശ്യം പരിഗണിച്ച്, ശ്രീമതി.അമൃത.വി.ആർ എന്നയാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമനം സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞ് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി പ്രവർത്തനങ്ങളുമായി തിരക്ക് കാരണം നിയമിച്ചതാണെന്നും നിലവിൽ ഇത്തരത്തിലുള്ള നിയമനം നടത്തുന്നില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള താൽക്കാലിക നിയമനം സംബന്ധിച്ച് അതാത് വകുപ്പുകളിൽ തന്നെ തീരുമാനം എടുക്കേണ്ടതാണ്.

## 1-47 കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ, പദ്ധതി നം.69/21, പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി, 1,70,578/ രൂപാ (ബിൽ നം.8/20-21,dt.27-1-21,amt.210700/)കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിലേക്ക് നൽകിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-48 അസി.എഞ്ചിനീയർ ടെണ്ടർഫോം വിലയോടൊപ്പം ഈടാക്കിയ ജി എസ് ടി-പഞ്ചായത്തിൽ നിന്നും നാളിതുവരെ സർക്കാരിലേക്ക് അടവാക്കിയില്ല.

അസി.എഞ്ചിനീയർ ടെണ്ടർഫോം വില ജി എസ് ടി ഉൾപ്പെടെ ഈടാക്കിയെങ്കിലും,രശീതിൽ ജി എസ് ടി, ഫ്ലഡ് സെസ്സ് എന്നിവ ഇനം തിരിച്ച് വാങ്ങാതെ ടെണ്ടർ ഫോം വില എന്ന ഇനത്തിൽ മാത്രം ചേർത്ത് പഞ്ചായത്തിൽ അടവാക്കി. ആയതിനാൽ പഞ്ചായത്തിൽ നിന്നും 2021 ജനവരി മുതൽ നാളിതുവരെയുള്ള , ഈ ഇനത്തിലുള്ള ജി എസ് ടി അടവാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| രശീത് ബുക്ക് നം | രശീതി നം,തിയതി | ജി എസ് ടി അടക്കം ഈടാക്കിയ തുക | പഞ്ചായത്തിൽ അടവാക്കിയ തിയതി |
|---|---|---|---|
| 58924 | 1,2,27-1-2021 | 2618+2618 | 27-1-2021 |
| 58924 | 3,4,27-1-2021 | 2205+2205 | 27-1-2021 |
| 58924 | 7,8,26-2-2021 | 2260+2260 | 26-2-2021 |
| 58924 | 9,10,26-2-2021 | 1999+1999 | 26-2-2021 |
| - | 26-2-2021 | 1356 | 26-2-2021 |
| 5938 | 1,2,3,26-2-2021 | 1900+1900+1900 | 26-2-2021 |
| 5938 | 4,26-2-2021 | 2080 | 26-2-2021 |
| 5938 | 5,26-2-2021 | 600 | 26-2-2021 |
| 5938 | 8,14-3-22 | 600 | 14-3-22 |
| 5938 | 9,10,11,15-3-22 | 60 0+600+600 | 15-3-22 |

മേൽ രശീതികളിലൊന്നും തന്നെ ജി എസ് ടി , ഫ്ലഡ് സെസ്സ് എന്നിവ എത്രയാണെന്ന് വേർതിരിച്ച് കാണിച്ചിട്ടില്ല. പഞ്ചായത്തിൽ ഈ തുക ടെണ്ടർ ഫോം എന്ന ഹെഡിൽ മാത്രമാണ് ചേർത്തിട്ടുള്ളത്. ജി എസ് ടി നാളിതുവരെ പഞ്ചായത്തിൽ നിന്നും സർക്കാരിലേക്ക് അടവാക്കിയിട്ടുമില്ല. ആയതിനാൽ ടെണ്ടർ ഫോം ഇനത്തിൽ പിരിച്ച ജി എസ് ടി സർക്കാരിലേക്ക് അടവാക്കാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-49 പഞ്ചായത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഉൾപ്പെട്ട പ്രവർത്തികൾക്ക് ജി എസ് ടി അടവാക്കി

ഭരണഘടനയുടെ ആർട്ടിക്കിൾ 243G പ്രകാരം ഒരു പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കുന്ന ഏതെങ്കിലും ചുമതലയായി ബന്ധപ്പെട്ടുള്ള ഏതെങ്കിലും പ്രവർത്തനത്തിനായി കേന്ദ്ര സർക്കാരിനോ, സംസ്ഥന സർക്കാരിനോ അല്ലെങ്കിൽ ഒരു കേന്ദ്ര ഭരണപ്രദേശത്തിനോ അല്ലെങ്കിൽ ഒരു ലോക്കൽ അതോറിറ്റിക്കോ അല്ലെങ്കിൽ ഒരു സർക്കാർ അധികാരസ്ഥാനത്തിനോ നൽകുന്ന ശുദ്ധ സേവനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

അസി.എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവർത്തികൾക്ക് കോൺട്രാക്ടറിൽ നിന്നും 5%

വീതം ജി എസ് ടി ഈടാക്കിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം,പേര് | കോൺട്രാക്ടറുടെ പേര് | പ്രവൃത്തി മൂല്യം | ജി എസ് ടി ആയി ഈടാക്കിയ തുക | വൗച്ചർ നം.,തിയതി, തുക |
|---|---|---|---|---|
| 231/21,വിവിധ തോടുകളുടെ നവീകരണം | ജോർജ്.ടി.ടി | 546016 | 27300.80 | 22000800,dt...7-9-20,573317 |
| 234/21, റിനൊവേഷൻ ഓഫ് തോട്(അയിനിതുറ വെണ്ണൂത്തുറ മുതൽ എക്കാട്ടിതോട് വരെ) | ശ്രീകുട്ടൻ | 88727.10 | 4436.36 | 22000346,dt..23-7-20,93163 |
| 238/21വെണ്ണൂത്തുറ നവീകരണം | ജോർജ്.ടി.ടി. | 266899 | 13344.95 | 22000777,dt.22-7-20,280244 |
| ആകെ | | | 45082.11 | |

ജി എസ് ടി ഇനത്തിലെ ചെലവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്തിൽ നിന്നും മറുപടി നൽകിയില്ല. ഈ പ്രവർത്തിക്കായി ജി എസ് ടി ഇനത്തിൽ നൽകിയ 45082/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 347000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 347000 | 0 |
| | | 300000 | പാലിന് സബ് സിഡി | 300000 | 0 |
| | | 374000 | പ്രത്യേക കന്നുകുട്ടി പരിപാലനം | 374000 | 0 |
| | | 800000 | ലൈഫ് സമ്പൂർണ്ണ | 800000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാർപ്പിട പദ്ധതി | | |
| | | 500000 | ലൈഫ് മിഷൻ പദ്ധതി ജനറൽ | 500000 | 0 |
| | | 600000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 600000 | 0 |
| | | 449730 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 449730 | 0 |
| | | 125000 | സുഭിക്ഷകേരളം- പച്ചക്കറി വനിത | 125000 | 0 |
| | | 150000 | സുഭിക്ഷകേരളം കിഴങ്ങുവർഗകൃഷി | 150000 | 0 |
| | | 33920 | പ്രളയത്തിൽ തകർന്ന ടോയ്ലറ്റുകളുടെ നവീകരണം | 33920 | 0 |
| | | 100000 | സുഭിക്ഷകേരളം വാഴ കൃഷി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | | 200000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 150000 | പാലിന് സബ്സിഡി | 150000 | 0 |
| | | 50600 | ലൈഫ് മിഷൻ പദ്ധതി ജനറൽ | 50600 | 0 |
| | | 296739 | മാമ്പ്ര മൃഗാസ്പത്രി ചെട്ടികുന്ന് റോഡ് റീടാറിംഗ് | 296739 | 0 |
| | | 77685 | വെസ്റ്റ് കൊരട്ടി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | 77685 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 426691 | 0 | 426691 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സൗഹൃദതീരത്ത് പോസ്റ്റിട്ട് ലൈൻ വലിക്കൽ | 198152 | 0 | 198152 |
| കെ എസ് ഇ ബി | പീടികക്കുന്ന് കോളനി റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | 173535 | | 173535 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഹൗസിംഗ് ലോൺ | | | 6026471 | 570471 | 5456000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10000000 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 10000000 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000000 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | തുക |
| | | കേരളാ ബാങ്ക്, അന്നമനട ബ്രാഞ്ച് | 10000000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീതി നം/തിയത |
|---|---|---|---|---|
| 2019-20 | 1-37(3) | 5000 | കെ.പി.മുകുന്ദൻ,കോൺട്രാക്ടർ | 120060101078,9-7-20 |
| 2019-20 | 1-37(5) | 1474 | എം.കെ.ജോജോ,കോൺട്രാക്ടർ | 120060101079,9-7-20 |
| 2019-20 | 1-15(2) | 168 | ടോണി ആന്റണി, റൂം റെന്റ് | 120060105904,17-2-21 |
| 2019-20 | 1-34 | 9200 | ഷിബു | 120060106549,23-2-21 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82992259 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99503650 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ | ഇല്ല |

| | |
|---|---|
| അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 245082 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-44 | 200000 | ശ്രീലത.കെ.എ ,അസി.സെക്രട്ടറി |
| 1-49 | 45082 | നിമ്മി.ഇ.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീലത.കെ.എ. | അസിസ്റ്റന്റ് സെക്രട്ടറി, മേലൂർ ഗ്രാമപഞ്ചായത്ത് | കണ്ടുകണ്ടത്തിൽ, ചാലക്കുടി – 680307 |
| നിമ്മി.ഇ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേർപ്പ്പഞ്ചായത്ത് | മാരിക്കൽ,കാരിപത്ര, കാളിക്കൽ, എലിഞ്ഞിപ്ര – 680 721 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 71-72 മുതൽ 79-80 വരെ | എൽ.എഫ്.ടി.12-93/92 തിയതി. 15.01.02 |
| 80-81 | എൽ.എഫ്.ടി.12-1525/83 തിയതി. 19.07.85 |
| 81-82 | എൽ.എഫ്.ടി.12-110/85 തിയതി. 20.09.86 |
| 82-83 | എൽ.എഫ്.ടി.12-385/87 തിയതി. 14.07.87 |
| 83-84 | എൽ.എഫ്.ടി.911/91 തിയതി. 03.07.92 |
| 84-85 | എൽ.എഫ്.ടി.1835/89 തിയതി. 16.01.90 |
| 85-86 | എൽ.എഫ്.ടി.12-2091/90 തിയതി. 26.02.91 |
| 86-87, 87-88 | എൽ.എഫ്.ടി.12-1130/92 തിയതി. 19.03.93 |
| 88-89, 89-90 | എൽ.എഫ്.ടി.12-775/94 തിയതി. 10.10.94 |

| | |
|---|---|
| 90-91 | എൽ.എഫ്.ടി.12-775/96<br>തിയതി. 13.02.96 |
| 91-92 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 92-93 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 93-94 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 94-95 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 95-96 | എൽ.എഫ്.ടി.(എസ്.11) 24.10.11/02.02.11 |
| 96-97 | എൽ.എഫ്.ടി.13-853/04/ 29.11.04/29.11.04<br>/09.03.05 |
| 96-97<br>(ചെലവ്) | എൽ.എഫ്.ടി.13-834/03 തിയ്യതി15.07.03 |
| 97-98 | എൽ.എഫ്.ടി.13-1109/99/<br>28.02.2000/ 08.06.2000 |
| 98-99 | എൽ.എഫ്.ടി.13- 948/2000/ 03.11.2000/11.12.2000 |
| 99-2000,<br>2000-01,<br>2001-02<br>(പദ്ധതി) | എൽ.എഫ്.ടി.13- 1083 /15.11.03 |
| 99-2000 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 656/06/<br>03.07.06/ 30.12.06 |
| 2000-01 (വരവ് ചെലവ്) | എൽ.എഫ്.ടി.13- 657/06/15.11.03 |
| 2001-02<br>(വരവ് ചെലവ്) | എൽ.എഫ്.ടി.13- 3/07/<br>07.04.07/ 10.08.07 |
| 2002-03 | എൽ.എഫ്.ടി.13- 1021/ 21.08.09 |
| 2003-04 | എൽ.എഫ്.ടി.13- 1022/08/ 21.08.09 |
| 2004-05 | എൽ.എഫ്.ടി.13-426/09/ 07.05.10 |
| 2005-06 | എൽ.എഫ്.ടി.13-1610/09/ 23.07.10 |
| 2006-07 | എൽ.എഫ്.ടി.13-1611/09/ 23.07.10 |
| 2007-08 | എൽ.എഫ്.ടി.13-994/10/ 10.02.11 |
| 2008-09 | എൽ.എഫ്.ടി.13-995/10/ 07.09.11 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി.4- 97/12/<br>21.05.12/10.08.12 |
| 2011-12 | എൽ.എഫ്.ടി.പി.4-375/13/<br>16.05.13/ 01.11.13 |
| 2012-13 | എൽ.എഫ്.ടി.പി.4- 453/14 |
| 2013-14 | കെ.എസ്.എ.ടി.സ്.ആർ (പി4) 1183/15<br>തീയതി 8.10.15 / 16.10.15 |
| 2014-15 | കെ.എസ്.എ.ടി.സ്.ആർ (പി4)1049/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി4)-2016/16/<br>30.1.2017/2.2.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി4)1065/2017, തീയതി<br>29.07.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി4)354/2019 തീയതി:<br>30/05/2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(പി4)115/2020 തീയതി:<br>05.05.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(പി1)520/2021 തീയതി:<br>30.03.2021 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്